(ബി) ഇല്ലെങ്കിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഖാദി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഖാദി തൊഴിലാളികൾക്ക് നൽകാനുള്ള കൂടിശ്ശിക തുക

119 (3273) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂരക വരുമാന പദ്ധതി അനുസരിച്ച് 2014-15 വർഷത്തിൽ ഖാദി തൊഴിലാളികൾക്ക് എത്ര തുക കൂടിശ്ശിക നൽകാനുണ്ടെന്ന് ഖാദി സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കൂടിശ്ശിക തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൂരക വരുമാന പദ്ധതിയനുസരിച്ച് 2014-15 വർഷത്തിൽ ഖാദി തൊഴിലാളികൾക്ക് 4,15,59,627 രൂപ കൂടിശ്ശിക നൽകാനുണ്ട്. (ഖാദി സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.) *

(ബി) 2015-16 സാമ്പത്തിക വർഷം പരമ്പരാഗത മേഖലയിൽ വരുമാന താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) നടപ്പാക്കുന്നതിനുള്ള നടപടികൾ തൊഴിലും നൈപുണ്യവും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിലേക്ക് പ്രസ്തുത വകുപ്പ് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾക്കായി ആകെ 65 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഖാദിമേഖലയുടെ നവീകരണം

120 (3274) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ അനുസരിച്ച് ഖാദിമേഖല നവീകരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഖാദി മേഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡുവായി അനുവദിച്ച 15.21 കോടി രൂപ ഉപയോഗിച്ച് താഴെ പറയുന്ന പദ്ധതികളാണ് സംസ്ഥാനത്തെ ഖാദി പ്രോജക്ടുകൾവഴിയും ഖാദി സ്ഥാപനങ്ങൾവഴിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1. പുതിയ 780 പേർക്കുകൾ സ്ഥാപിക്കുക.
2. പുതിയ 650 തറികൾ സ്ഥാപിക്കുക.
3. പുതിയതായി 650 പേർക്ക് പരിശീലനം നൽകുക.
4. പുതിയ 20 റെഡിമെയ്ഡ് പാവ് യൂണിറ്റുകൾ സ്ഥാപിക്കുക.
5. പുതിയ 25 വർക്ക് ഷെഡ്ഡുകൾ സ്ഥാപിക്കുക.
6. നിലവിലെ 60 പഴയ വർക്ക് ഷെഡ്ഡുകൾ റിപ്പയർ ചെയ്യുക.
7. പ്രവർത്തന മൂലധനം നൽകുക.
8. പുതിയതായി ഡൈ ഹൗസ് സ്ഥാപിക്കുക.
9. 10,000 ച.മീറ്റർ വിസ്തീർണ്ണത്തിൽ ഒരു കോട്ടൺ ഗോഡൗൺ സ്ഥാപിക്കുക.
10. പുതിയതായി ഒരു സിൽക്ക് യൂണിറ്റ് സ്ഥാപിക്കുക.

പുതിയ പദ്ധതികൾ

121 (3275) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആവിഷ്കരിക്കുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൂർണമായും നടപ്പിലാക്കുകയും ചെയ്ത, അടിസ്ഥാന സൗകര്യവികസന മേഖലയിലെ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(ബി) ഈ പദ്ധതികൾക്ക് ചെലവഴിച്ച തുകയും, കമ്മിഷൻ ചെയ്ത തീയതിയും, പദ്ധതിയുടെ പേരും വിശദമാക്കാമോ; പദ്ധതി ഓരോന്നിന്റെയും ഭൗതിക നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly